# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 625 — 30/6/2016 -ൽ മറുപടിക്ക്

## കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ. മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം പണികളാണ് അവശേഷിക്കുന്നതെന്നും ഇത് എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി താഴെ വിവരിക്കുന്നു.<br>പാക്കേജ്-1 – കൈലാസംകുന്നിൽ 14.64 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവും 8.92 കി.മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികളും പൂർത്തിയായി കഴിഞ്ഞു.<br>പാക്കേജ്-2 – 8.77 എം.എൽ.ഡി ജലശുദ്ധീകരണശാലയുടെ നിർമ്മാണം ഇരട്ടച്ചിറയിൽ പൂർത്തീകരിച്ചു.<br>പാക്കേജ്-3 - കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്ക വേണ്ടിയുള്ള 57.45 കി.മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണിയും മറ്റ് അനുബന്ധ പണികളും പൂർത്തിയായി.<br>പാക്കേജ്-4 – കടൽകാണി കുന്നിലെ 4.37 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല സംഭരണിയുടെ നിർമ്മാണവും 31.18 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികളും പൂർത്തിയായി കഴിഞ്ഞു.<br>പാക്കേജ്-5 - കാരേറ്റ് പാലത്തിനു സമീപം |

9 മീ. വ്യാസമുള്ള കിണറിന്റെയും പമ്പ് ഹൗസിന്റെയും പണികളും അതിനോടനുബന്ധിച്ച് 16.72 കി.മീ. പൈപ്പ് ലൈനിന്റെയും പണികളും പൂർത്തീകരിച്ചു.

പാക്കേജ്-6 - കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്ക വേണ്ടിയുള്ള 4.22 കി.മീ ദൂരത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികൾ പൂർത്തിയായിക്കഴിഞ്ഞു.

പാക്കേജ്-7 – കാരേറ്റ് പമ്പ്ഹൗസ്, ഇരട്ടച്ചിറ പമ്പ് ഹൗസ്, തട്ടത്തുമല പമ്പ് ഹൗസ് എന്നിവിടങ്ങളിലെ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 60% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

പാക്കേജ്-8 – കാരേറ്റ് പമ്പ് ഹൗസിനു സമീപം ഇൻഡോർ ട്രാൻസ്ഫോർമർ കെട്ടിടം, തട്ടത്തുമല പമ്പ് ഹൗസിൽ ഇൻഡോർ ട്രാൻസ്ഫോർമറിന്റെയും അനുബന്ധ ഘടകങ്ങളുടെയും പണികൾ അന്തിമ ഘട്ടത്തിലാണ്. 95% പണികൾ പൂർത്തിയായി.

പാക്കേജ് -7 ൽ അവശേഷിക്കുന്ന പണികൾ -

1. പാനൽ ബോർഡ്, മോട്ടോർ, ട്രാൻസ് ഫോർമർ എന്നിവ സ്ഥാപിക്കുന്ന പണികൾ
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയും കെ.എസ്.ഇ.ബിയിൽ നിന്നും വൈദ്യുത കണക്ഷന്റെ ലഭ്യതയും.

പാക്കേജ് -8 ൽ അവശേഷിക്കുന്ന പണികൾ -

ചുറ്റുമതിലിന്റെ പണിയും യാർഡ് ലൈറ്റിംഗുമായി ബന്ധപ്പെട്ട പണികളും.

ഈ പദ്ധതി 31-10-16 നകം കമ്മീഷൻ ചെയ്യാവുന്നതാണ്.

JSK/

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിക്കായി ആകെ എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിനകം എന്ത് തുക ചെലവഴിച്ച് കഴിഞ്ഞുവെന്നും വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 3100 ലക്ഷം രൂപയാണ്. ഇതിനകം 2349.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/